**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1936** **04-02-2026 - ൽ മറുപടിയ്ക്ക്**

**കായിക നയം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ. ബാബു (നെന്മാറ), ശ്രീ എം എസ് അരുൺ കുമാർ, ശ്രീ. ലിന്റോ ജോസഫ്, ശ്രീ. യു. ആർ. പ്രദീപ്** | | **ശ്രീ. വി. അബ്ദുറഹിമാൻ (ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പ് മന്ത്രി)** | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കേരളത്തിന് ആദ്യമായി കായികനയം രൂപീകരിച്ചിട്ടുണ്ടോ; പ്രസ്തുത കായികനയ രൂപീകരണത്തിലൂടെ എന്തെല്ലാം കാര്യങ്ങളാണ് ലക്ഷ്യമിടുന്നതെന്ന് വ്യക്തമാക്കാമോ; | (എ) | ഉണ്ട്.<br><br>സംസ്ഥാനത്തെ കായിക മേഖലയെ സമഗ്രമായി പുനർനിർവചിക്കാനും കേരള സ്പോർട്സിന്റെ അതിവേഗ വളർച്ചയ്ക്കായി രൂപവൽക്കരിച്ച വിഷൻ 2033 ൽ നിർവചിച്ചിരിക്കുന്ന ലക്ഷ്യങ്ങൾ സാക്ഷാത്ക്കരിക്കുന്നതിനുള്ള ഒരു റോഡ് മാപ്പായി പ്രവർത്തിക്കുവാനും കഴിയുന്ന രീതിയിൽ ഒരു കായിക നയം 22.07.2023-ലെ സ.ഉ.(കൈ) നം. 6/2023/ കാ.യു.വ. പ്രകാരം അംഗീകാരം നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.<br><br>ഒളിമ്പിക് ഗെയിംസ് ഉൾപ്പെടെ അന്താരാഷ്ട്ര തലത്തിൽ കായിക മികവ് കൈവരിക്കുക, അഴിമതിമുക്തവും സുശക്തവുമായ കായികമേഖല സൃഷ്ടിക്കുക, ശക്തമായ കായികവിനോദ വ്യവസായം രൂപപ്പെടുത്തുക, ശക്തമായ കായികസാക്ഷരത നിലവാരമുള്ള കായിക സംസ്കാരം രൂപപ്പെടുത്തുക, പ്രതിഭകളെ കണ്ടെത്തുന്നതിനും പരിപോഷിപ്പിക്കുന്നതിനും ശാസ്ത്രീയമായ പരിശീലന സൗകര്യങ്ങൾ ഏർപ്പെടുത്തുക എന്നിവ നയത്തിന്റെ ലക്ഷ്യങ്ങളാണ്. മാറിക്കൊണ്ടിരിക്കുന്ന പരിതസ്ഥിതിയിൽ മികച്ച മാതൃകകൾ പഠിക്കുന്നതിനും നടപ്പിലാക്കുന്നതിനുമുള്ള പ്രതിജ്ഞാബദ്ധതയാണ് നയം മുന്നോട്ട് വയ്ക്കുന്നത്.<br><br>കായിക സംവിധാനങ്ങൾക്കുള്ളിലും, വിദ്യാഭ്യാസം, ആരോഗ്യം, മുൻസിപ്പാലിറ്റികൾ- പഞ്ചായത്തീരാജ് സ്ഥാപനങ്ങൾ, വിനോദദാതാക്കൾ, സ്വകാര്യ മേഖല തുടങ്ങിയ മറ്റു മേഖലകളുമായും, സഹകരണവും പങ്കാളിത്തവും ബന്ധങ്ങളും കെട്ടിപ്പടുക്കുന്നതും ഇതിൽ ഉൾപ്പെടുന്നു. വിഭവശേഷിയുടെ പങ്കുവെയ്ക്കൽ, |

| | | | |
|---|---|---|---|
| | | | അടിസ്ഥാനസൗകര്യ വികസനം, സാമൂഹിക പങ്കാളിത്തം, പദ്ധതികളുടെ ഫലപ്രദമായ നിർവ്വഹണം എന്നിവയുള്ള ക്രിയാത്മകവും പുരോഗമനപരവുമായ സമീപനങ്ങൾക്കും നയം ഊന്നൽ നൽകുന്നു.<br><br>പൊതുജനങ്ങൾക്കിടയിൽ ശക്തമായ കായികവ്യായാമ സാക്ഷരതാ നിലവാരവും സജീവമായ ഒരു കമ്മ്യൂണിറ്റി സ്പോർട്സ് അടിത്തറയും ഉള്ള ഊർജ്ജസ്വലമായ കായികസംസ്കാരം രൂപപ്പെടുത്തി "എല്ലാവർക്കും സ്പോർട്സ്" എന്ന ലക്ഷ്യത്തിലേക്കെത്തുന്നതിനും കായിക പ്രതിഭകളെ കണ്ടെത്തി വളർത്തിയെടുക്കുന്നതിനും ഉതകുന്ന തരത്തിലാണ് കായികനയം രൂപപ്പെടുത്തിയിട്ടുള്ളത്.<br><br>കായിക പ്രതിഭകളെ കണ്ടെത്തുന്നതിന് പുതിയ ടാലന്റ് ഐഡന്റിഫിക്കേഷൻ പ്രോട്ടോക്കോൾ രൂപീകരിക്കുന്നതിനും ഇവരുടെ കഴിവുകൾ പരിപോഷിപ്പിക്കുന്നതിന് കൂടുതൽ കായിക അക്കാദമികൾ, മികവിന്റെ കേന്ദ്രങ്ങൾ, ഹൈ പെർഫോമൻസ് സെന്ററുകൾ എന്നിവ സ്ഥാപിക്കുന്നതിനുമുള്ള നിർദ്ദേശങ്ങൾ നയത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഒളിമ്പിക്സ് ഉൾപ്പെടെ അന്താരാഷ്ട്ര തലത്തിലുള്ള കായികരംഗത്തെ മികവ് ഉറപ്പുവരുത്തുന്നതിനുള്ള നിർദേശങ്ങളും നയത്തിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. |
| (ബി) | എല്ലാവർക്കും സ്പോർട്സ്, സ്കൂൾ തലം മുതൽ കായിക വികസനം, ഉന്നത നിലവാരമുള്ള കായികതാരങ്ങളെ വളർത്തൽ, കായിക സമ്പദ്‌വ്യവസ്ഥയുടെ പുരോഗതി തുടങ്ങിയ ലക്ഷ്യങ്ങൾ നേടുന്നതിന് പ്രസ്തുത കായികനയം എത്രത്തോളം സഹായകരമാണെന്ന് വ്യക്തമാക്കാമോ? | (ബി) | ഉണ്ട്.<br><br>സംസ്ഥാനത്തെ കായിക മേഖലയെ സമഗ്രമായി പുനർനിർവചിക്കാനും കേരള സ്പോർട്സിന്റെ അതിവേഗ വളർച്ചയ്ക്കായി രൂപവൽക്കരിച്ച വിഷൻ 2033 ൽ നിർവചിച്ചിരിക്കുന്ന ലക്ഷ്യങ്ങൾ സാക്ഷാത്ക്കരിക്കുന്നതിനുള്ള ഒരു റോഡ് മാപ്പായി പ്രവർത്തിക്കുവാനും കഴിയുന്ന രീതിയിൽ ഒരു കായിക നയം 22.07.2023-ലെ സ.ഉ.(കൈ) നം. 6/2023/ കാ.യു.വ. പ്രകാരം അംഗീകാരം നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.<br><br>ഒളിമ്പിക് ഗെയിംസ് ഉൾപ്പെടെ അന്താരാഷ്ട്ര തലത്തിൽ കായിക മികവ് കൈവരിക്കുക, അഴിമതിമുക്തവും സുശക്തവുമായ കായികമേഖല സൃഷ്ടിക്കുക, ശക്തമായ കായികവിനോദ വ്യവസായം രൂപപ്പെടുത്തുക, ശക്തമായ കായികസാക്ഷരത നിലവാരമുള്ള കായിക സംസ്കാരം രൂപപ്പെടുത്തുക, പ്രതിഭകളെ കണ്ടെത്തുന്നതിനും പരിപോഷിപ്പിക്കുന്നതിനും ശാസ്ത്രീയമായ പരിശീലന സൗകര്യങ്ങൾ ഏർപ്പെടുത്തുക എന്നിവ നയത്തിന്റെ |

| | | | |
|---|---|---|---|
| | | | ലക്ഷ്യങ്ങളാണ്. മാറിക്കൊണ്ടിരിക്കുന്ന പരിതസ്ഥിതിയിൽ മികച്ച മാതൃകകൾ പഠിക്കുന്നതിനും നടപ്പിലാക്കുന്നതിനുമുള്ള പ്രതിജ്ഞാബദ്ധതയാണ് നയം മുന്നോട്ട് വയ്ക്കുന്നത്.<br><br>കായിക സംവിധാനങ്ങൾക്കുള്ളിലും, വിദ്യാഭ്യാസം, ആരോഗ്യം, മുൻസിപ്പാലിറ്റികൾ- പഞ്ചായത്തീരാജ് സ്ഥാപനങ്ങൾ, വിനോദദാതാക്കൾ, സ്വകാര്യ മേഖല തുടങ്ങിയ മറ്റു മേഖലകളുമായും, സഹകരണവും പങ്കാളിത്തവും ബന്ധങ്ങളും കെട്ടിപ്പടുക്കുന്നതും ഇതിൽ ഉൾപ്പെടുന്നു. വിഭവശേഷിയുടെ പങ്കുവെയ്ക്കൽ, അടിസ്ഥാനസൗകര്യ വികസനം, സാമൂഹിക പങ്കാളിത്തം, പദ്ധതികളുടെ ഫലപ്രദമായ നിർവ്വഹണം എന്നിവയ്ക്കുള്ള ക്രിയാത്മകവും പുരോഗമനപരവുമായ സമീപനങ്ങൾക്കും നയം ഊന്നൽ നൽകുന്നു.<br><br>പൊതുജനങ്ങൾക്കിടയിൽ ശക്തമായ കായികവ്യായാമ സാക്ഷരതാ നിലവാരവും സജീവമായ ഒരു കമ്മ്യൂണിറ്റി സ്പോർട്സ് അടിത്തറയും ഉള്ള ഊർജ്ജസ്വലമായ കായികസംസ്കാരം രൂപപ്പെടുത്തി "എല്ലാവർക്കും സ്പോർട്സ്" എന്ന ലക്ഷ്യത്തിലേക്കെത്തുന്നതിനും കായിക പ്രതിഭകളെ കണ്ടെത്തി വളർത്തിയെടുക്കുന്നതിനും ഉതകുന്ന തരത്തിലാണ് കായികനയം രൂപപ്പെടുത്തിയിട്ടുള്ളത്.<br><br>കായിക പ്രതിഭകളെ കണ്ടെത്തുന്നതിന് പുതിയ ടാലന്റ് ഐഡന്റിഫിക്കേഷൻ പ്രോട്ടോക്കോൾ രൂപീകരിക്കുന്നതിനും ഇവരുടെ കഴിവുകൾ പരിപോഷിപ്പിക്കുന്നതിന് കൂടുതൽ കായിക അക്കാദമികൾ, മികവിന്റെ കേന്ദ്രങ്ങൾ, ഹൈ പെർഫോമൻസ് സെന്ററുകൾ എന്നിവ സ്ഥാപിക്കുന്നതിനുമുള്ള നിർദ്ദേശങ്ങൾ നയത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഒളിമ്പിക്സ് ഉൾപ്പെടെ അന്താരാഷ്ട്ര തലത്തിലുള്ള കായികരംഗത്തെ മികവ് ഉറപ്പുവരുത്തുന്നതിനുള്ള നിർദേശങ്ങളും നയത്തിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ